സംസ്കൃതം ബി.എഡ്. കോഴ്സ്

426 [773] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയുടെ പരിധിയിലുള്ള ട്രെയിനിംഗ് കോളേജുകളിൽ എവിടെയെങ്കിലും സംസ്കൃതം ബി.എഡ്. കോഴ്സ് ഉണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ബി) ബി.എ.യ്ക്ക് ഫസ്റ്റ് റാങ്കു നേടുന്ന സംസ്കൃത ബിരുദധാരികൾക്കുപോലും ബി.എഡിനു അഡ്മിഷൻ ലഭിക്കാൻ സൗകര്യമില്ലെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പോരായ്മ പരിഹരിക്കാൻ ഒരു സൗൺസ്ക്രിറ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അനുവദിക്കണമെന്നു ഗവൺമെൻറ് നിയോഗിച്ച ഏതെങ്കിലും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ഡി) സംസ്കൃത ബിരുദധാരികളും സംസ്കൃതം എം.എ. ബിരുദധാരികളും ഏറ്റവുമധികമുള്ള കൊല്ലം ജില്ലയിലെ എഴുകോൺ കേന്ദ്രമാക്കി ഒരു ഇൻസ്റ്റിറ്റ്യൂട്ട് അനുവദിക്കണമെന്നുള്ള അപേക്ഷ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എഴുകോണിൽ ഈ ഇൻസ്റ്റിറ്റ്യൂട്ട് ഈ സ്കൂൾ വർഷം തന്നെ അനുവദിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം ഗവൺമെൻറ് ട്രെയിനിംഗ് കോളേജിൽ.

(ബി) ഇല്ല.

(സി) ഈ പോരായ്മ പരിഹരിക്കുന്നതിനുവേണ്ടി ഒരു സംസ്കൃത ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അനുവദിക്കണമെന്നു ശുപാർശ ചെയ്തിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

സംസ്കൃതാദ്ധ്യാപക തസ്തികകൾ

427 [774] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ സ്കൂളുകളിൽ ഈ അദ്ധ്യയന വർഷം പുതുതായുണ്ടായിട്ടുള്ള സംസ്കൃതാദ്ധ്യാപക തസ്തികകൾ എത്ര;

(ബി) 7-ാം സ്റ്റാൻഡേർഡുവരെ സംസ്കൃതം പഠിച്ചു വിദ്യാർത്ഥികൾ 8-ാം സ്റ്റാൻഡേർഡിൽ ചേർന്നിട്ടുള്ള എല്ലാ ഹൈസ്കൂളുകളിലും സംസ്കൃതാദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ അനുവദിക്കാനുള്ള നിർദ്ദേശം നൽകുമോ;

(ഡി) കൊല്ലം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ ഇപ്പോഴും ഒഴിഞ്ഞു കിടക്കുന്ന സംസ്കൃതാദ്ധ്യാപക തസ്തികകളും എത്ര;

(ഇ) അവയിൽ ഫുൾടൈം സീനിയർ ലാംഗ്വേജ് ടീച്ചർ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ, പാർട്ട്ടൈം സീനിയർ ലാംഗ്വേജ് ടീച്ചർ, പാർട്ട്ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ തസ്തികകളും ഒഴിഞ്ഞു കിടക്കുന്ന സ്കൂളുകളും ഏതെല്ലാം;

(എഫ്) കഴിഞ്ഞ സ്കൂൾ വർഷാവസാനം ഒഴിഞ്ഞു കിടന്നിരുന്ന ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം) തസ്തികകളും ഏതെല്ലാം;

(ജി) ഈ തസ്തികകളിൽ നിലവിലുള്ള പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്നും ഉടൻതന്നെ നിയമനം നടത്തുമോ?

ഉത്തരം

(എ) 22. ഇതിൽ കൊല്ലം ജില്ലയിൽ ഈ അദ്ധ്യയനവർഷം അനുവദിച്ചിട്ടുള്ള പുതിയ സംസ്കൃതാദ്ധ്യാപക തസ്തികകളും താഴെ പറയും പ്രകാരമാണ്.

എച്ച്.എസ്.എ. (ഫുൾടൈം)	—	1
എച്ച്.എസ്.എ. (പാർട്ട്ടൈം)	—	1
ലോവർ ഗ്രേഡ് (ഫുൾടൈം)	—	3
ലോവർ ഗ്രേഡ് (പാർട്ട്ടൈം)	—	1

എന്നാൽ പ്രസ്തുത ജില്ലയിൽ ഒരു ലോവർ ഗ്രേഡ് തസ്തിക (ഫുൾടൈം) 5 പാർട്ട്ടൈം ലോവർ ഗ്രേഡ് തസ്തികയും സംസ്കൃതം പഠിക്കുവാൻ ആവശ്യമായ കുട്ടികളും ഇല്ലാത്തതുകാരണം നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കെ.ഇ.ആർ. അനുസരിച്ച് കുറഞ്ഞത് 10 കുട്ടികളും എങ്കിലും ഉണ്ടെങ്കിലേ ഹൈസ്കൂൾ വിഭാഗത്തിൽ 8-ാം തരത്തിൽ സംസ്കൃതം തസ്തിക അനുവദിക്കുകയുള്ളൂ. ഇപ്രകാരം സംസ്കൃതം പഠിക്കുവാൻ കുട്ടികളുള്ള എല്ലാ ഹൈസ്കൂളുകളിലും 8-ാം തരത്തിൽ സംസ്കൃതം തസ്തിക അനുവദിച്ചിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി) ഇപ്പോൾ 5 തസ്തികകളും ഒഴിഞ്ഞു കിടപ്പുണ്ട്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ലോവർ ഗ്രേഡ് സംസ്കൃതം (ഫുൾടൈം) — 5

(പാർട്ട്ടൈം) — 4

LIBRARY ARCHIVES Kerala Legislative Assembly

(ജി) നിലവിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിൽക്കുന്ന അദ്ധ്യാപകരെ അബ്സോർബ് ചെയ്ത് കഴിഞ്ഞ് ഇക്കൊല്ലം തസ്തിക നഷ്ടപ്പെട്ട് സർക്കാർ സ്കൂളുകളിൽ അധികമായി നിൽക്കുന്ന അദ്ധ്യാപകരെ നിലനിർത്തിയതിനുശേഷവും ബാക്കി വരുന്ന തസ്തികകളിൽ നിലവിലുള്ള റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്താവുന്നതാണ്.

ഇൻസ്പെക്ടറേഴ്സ് ഓഫ് സാൻസ്ക്രിറ്റ് എഡ്യൂക്കേഷൻ

428 [775] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറബി ഭാഷാദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസ ജില്ലാതലത്തിൽ ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുള്ളതുപോലെ സംസ്കൃത ഭാഷാദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനുംവേണ്ടി സംസ്കൃതത്തിൽ മാസ്റ്റർ ബിരുദവും ബി.എഡു. മുള്ള സംസ്കൃതാദ്ധ്യാപകരെ പ്രമോട്ടുചെയ്ത് വിദ്യാഭ്യാസ ജില്ലകളിൽ ''ഇൻസ്പെക്ടർ ഓഫ് സാൻസ്ക്രിറ്റ് എഡ്യൂക്കേഷൻ'' മാരായി നിയമിക്കണമെന്നുള്ള നിർദ്ദേശം ഏതെങ്കിലും സംസ്കൃത സംഘടനകൾ ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിർദ്ദേശം നടപ്പിലാക്കുമോ?

ഉത്തരം

(എ) കേരള സംസ്കൃത അക്കാദമി, സംസ്കൃത സേവാസമിതി മുതലായ സംഘടനകളിൽനിന്നും 1980–81–ൽ ലഭിച്ച നിവേദനങ്ങളിൽ സംസ്കൃത ഭാഷാദ്ധ്യാപനത്തിനു പ്രത്യേകമായി ജില്ലാതലത്തിൽ ഇൻസ്പെക്ടർമാരെ നിയമിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കുന്നുണ്ട്.

സ്കൂളുകളിൽ സംഗീതാദ്ധ്യാപകരുടെ നിയമനം

429 [776] ശ്രീ. കാനം രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ സംഗീതാദ്ധ്യാപകരുടെ നിയമനം നടത്തേണ്ടതില്ലെന്നു ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിൽ സംഗീതാദ്ധ്യാപകരുടെ ഏതെങ്കിലും പോസ്റ്റിൽ കെപ്റ്റ് ഇൻ അബയൻസ് (kept in abayance) എന്ന കാരണത്താൽ നിയമനം നടത്താതിരുന്നിട്ടുണ്ടോ; എങ്കിൽ എത്ര പോസ്റ്റുകളിൽ;

(സി) ഈ പോസ്റ്റുകൾ ഇപ്രകാരം കെപ്റ്റ് ഇൻ അബയൻസ് (kept in abayance) ആക്കുവാനുള്ള കാരണമെന്ത്;

(ഡി) ഈ പോസ്റ്റുകളിലേക്ക് ഉടനടി നിയമനം നടത്തുവാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly